**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**(ഹാജർ :- സുഭാഷ് , T .V , ഐ.എ.എസ് )**

വിഷയം:-കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ 2022- വർഷത്തെ പൊതുസ്ഥലമാറ്റം -അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 21.2.2022- ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 147./22./Agri
3. 16.3.2022- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർഎസ്.എ(2) 762./2021.
4.ഈ കാര്യാലയത്തിലെ 7/06/2022 ലെ ADFW/9485/2021-SB3 (2) നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/9485/2021-SB3 തീയതി .29.06/2022.</u>**

പരാമർശം (1) , (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2022 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (3) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ ജീവനക്കാരുടെ 2022. വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. അപ്രകാരം കൃഷി അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച പൊതുസ്ഥലമാറ്റ അപേക്ഷകൾ SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്തു ലഭിച്ച 2022 - വർഷത്തെ കൃഷി അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലെ പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in- ൽ പരാമർശം 4 പ്രകാരം പ്രസിദ്ധീകരിച്ചു ഉത്തരവായിരുന്നു . ഈ കരട് പൊതുസ്ഥലമാറ്റ ഉത്തരവിൻമേൽ 13.06.2022 തീയതി വരെ ആക്ഷേപങ്ങൾ/പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും ആയത് പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ച് SPARK- മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച കൃഷി അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിലെ 2022 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന്റെ അന്തിമ ഉത്തരവ് /ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

അന്തിമ പൊതുസ്ഥലമാറ്റ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ടി ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്. ഇപ്രകാരം വിടുതൽ ചെയ്യാതിരിക്കുന്ന ജീവനക്കാർക്കെതിരെ ബന്ധപ്പെട്ട ഡി .ഡി.ഒ മാർക്കെതിരെയും നടപടികൾ സ്വീകരിക്കേണ്ടതുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 10.07.2022 ന് മുമ്പായി വിടുതൽ ചെയ്ത് ചട്ട പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിക്ക് പ്രവേശിച്ചിട്ടുണ്ടെന്ന് നിയന്ത്രണാധികാരികൾ ഉറപ്പവരുത്തേണ്ടതാണ്

ഒപ്പ്

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

ARUN D.
Senior Superintendent
Directorate of Agriculture Development and Farmers' Welfare
Vikas Bhavan, Thiruvananthapuram-33

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന )

പകർപ്പ് :-
1 എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2 കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT സെൽ)
3 അക്കൗണ്ടന്റ് ജനറൽ തിരുവനന്തപുരം

4 കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം ആലപ്പുഴ,കോഴിക്കോട്
5 കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം,ആലപ്പുഴ,കോഴിക്കോട്,കോട്ടയം,പത്തനംതിട്ട,കൊല്ലം,കാസറഗോഡ്,എറണാകുളം,
6 സറ്റേറ്റ് ആഗ്രികൾച്ചർ എഞ്ചിനിയർ
7 ഡയറക്ടറുടെ പി.എ യ്ക്ക്
8 സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ യ്ക്ക്
9 സ്റ്റോക്ക് ഫയൽ/ *കരുതൽ*/അധികം